പേർക്കാണ് പുതിയതായി ശുദ്ധജലം ലഭ്യമാക്കാൻ സാധിക്കുന്നത്. ഈ പദ്ധതിയിൽ 14 എണ്ണം പൂർത്തീകരിച്ചു. ബാക്കിയുള്ളവ വിവിധ ഘട്ടങ്ങളിൽ പുരോഗമിച്ചുകൊണ്ടിരിക്കുന്നു.

(ബി) മിഷൻ676-ൽ ഉൾപ്പെട്ട 154 പദ്ധതികൾക്ക് 3018 കോടി രൂപ ചെലവുവരും. ഇതിനായി തിരഞ്ഞെടുത്തിരിക്കുന്ന പദ്ധതികളുടെ ഓരോ ഹെഡ്ഡിലുമായി 2014-15 ബഡ്ജറ്റിൽ 43128 ലക്ഷം രൂപയാണ് വകയിരുത്തിയിരിക്കുന്നത്.

ഇതുവരെ ചെലവായിട്ടുള്ള തുകയുടെ വിശദാംശങ്ങൾ ശേഖരിച്ച് നൽകുന്നതാണ്.

(സി) എല്ലാവർക്കും കുടിവെള്ളം ലഭ്യമാക്കുക എന്ന ലക്ഷ്യം കൈവരിക്കുന്നതിന്റെ ഭാഗമായി ആദ്യഘട്ടത്തിൽ സർക്കാരിന്റെ മിഷൻ 676 പദ്ധതിയിൽ ഉൾപ്പെടുത്തി 154 പദ്ധതികൾ പൂർത്തീകരിക്കാനാണ് ലക്ഷ്യമിട്ടിട്ടുള്ളത്. ഇതിലൂടെ ഏകദേശം 83 ലക്ഷം പേർക്കാണ് പുതിയതായി ശുദ്ധജലം ലഭ്യമാക്കാൻ സാധിക്കുന്നത്. മിഷൻ 676-ലെ പദ്ധതികളുടെ പൂർത്തീകരണത്തിന്റെ കാലാവധി 28-2-2016 ആണ്. എന്നാൽ വിഷൻ 2030 എന്ന ആശയത്തോടെ 2030 ആകുമ്പോഴേയ്ക്കും എല്ലാവർക്കും കുടിവെള്ളം ലഭ്യമാക്കാനാണ് കേരള വാട്ടർ അതോറിറ്റി ലക്ഷ്യമിടുന്നത്.

കാസർഗോഡ് ജില്ലയിൽ NRDWP-WSS (നാഷണൽ റൂറൽ ഡ്രിങ്കിംഗ് വാട്ടർ പ്രോജക്ട്) പദ്ധതി

227 (2782) <u>ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ)</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാസർഗോഡ് ജില്ലയിൽ NRDWP-WSS (നാഷണൽ റൂറൽ ഡ്രിങ്കിംഗ് വാട്ടർ പ്രോജക്ട്) പദ്ധതിയിൽ ചെങ്കള, മുളിയാർ, മധൂർ മൊഗ്രാൽ, പുത്തൂർ പഞ്ചായത്തുകളിൽ കുടിവെള്ളം നൽകുന്നതിനുള്ള പദ്ധതിക്ക് അനുമതി ലഭിച്ചിട്ടുണ്ടോ ;

(ബി) എങ്കിൽ അനുമതി ലഭിച്ചത് എന്നാണെന്ന് വിശദമാക്കാമോ ;

(സി) പ്രസ്തുത പ്രവൃത്തി നടപ്പിലാക്കുന്നതിന് ഇടർ നടപടികൾ എന്തെങ്കിലും സ്വീകരിച്ചിട്ടുണ്ടോ ; വിശദാംശങ്ങൾ അറിയിക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഉണ്ട്.

(ബി) 25-7-2012-ലെ സ.ഉ (സാധാ) നമ്പർ 912/12/ജ.വി.വ. നമ്പർ ഉത്തരവ് പ്രകാരം 19.80 കോടി രൂപയ്ക്ക് ഭരണാനുമതി നൽകി.

(സി) ഉണ്ട്. മേൽപ്പറഞ്ഞ ഭരണാനുമതികൾ ഉൾപ്പെടുത്തിയ പ്രവൃത്തികൾ മൂന്ന് പാക്കേജുകളാക്കി ടെണ്ടർ ചെയ്ത് പ്രവൃത്തി ആരംഭിച്ചിട്ടുണ്ട്.

പാക്കേജ് 1- ഇൻ ടേക്ക് വെൽ, റോ വാട്ടർ പമ്പിംഗ് മെയിൻ ക്ലിയർ വാട്ടർ പമ്പിംഗ് മെയിൻ.

പാക്കേജ് 2- ക്ലിയർ വാട്ടർ ഗ്രാവിറ്റി മെയിൻ, 24.40 ലക്ഷം, 5.50 ലക്ഷം, 5.20 ലക്ഷം ലിറ്റർ ശേഷിയുള്ള ഉപരിതല ടാങ്ക് നിർമ്മാണം.

പാക്കേജ് 3- 30 എം.എൽ.ഡി. സംഭരണശേഷിയുള്ള ശുദ്ധീകരണശാല.

വടകര-മാഹി കനാൽ

228 (2783) ശ്രീമതി കെ. കെ. ലതിക : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വടകര-മാഹി കനാൽ നിർമ്മാണത്തിന്റെ നാളിതുവരെയുള്ള പ്രവർത്തന പുരോഗതി വിശദമാക്കുമോ ;

(ബി) എത്ര തുകയ്ക്കുള്ള നിർമ്മാണ പ്രവൃത്തികളാണ് ടെണ്ടർ ചെയ്ത് പ്രവർത്തനം ആരംഭിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ ;

(സി) കരാറുകാർക്ക് പാർട്ട് പേമെന്റ് നൽകിയിട്ടുണ്ടോ ; എങ്കിൽ എത്ര ശതമാനം തുക ഇതുവരെ നൽകിയിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ ;

(ഡി) കനാലിന്റെ നിർമ്മാണ പ്രവർത്തികൾ ഇതിനോടകം അവലോകനം നടത്തിയിട്ടുണ്ടോ ; എങ്കിൽ പദ്ധതി എപ്പോൾ പൂർത്തിയാകുമെന്ന് വിശദമാക്കുമോ ;

(ഇ) കനാലിന്റെ കുറുകെ എവിടെയൊക്കെയാണ് പാലങ്ങൾ നിർമ്മിക്കുന്നത് എന്നും ആയതിന് എത്ര തുക വകയിരുത്തിയെന്നും വിശദമാക്കുമോ ?